<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835**</u> <u>**06-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**അണ്ടർ വാല്യൂവേഷൻ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അണ്ടർ വാല്യൂവേഷൻ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ദീർഘകാലമായി നടപടി സ്വീകരിക്കാത്ത കേസുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അണ്ടർവാല്യുവേഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ദീർഘകാലമായി നടപടികൾ സ്വീകരിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 01/01/1986 മുതൽ 31/03/2017 വരെയുള്ള കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി 23/05/2018 തീയതിയിലെ G.O(P) No.74/2018/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോമ്പൗണ്ടിംഗ് പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും ആയതിന്റെ കാലാവധി S.R.O.No.304/2022 ആയി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള30/03/2022 തീയതിയിലെ G.O(P) No.28/2022/TAXES നമ്പർ സർക്കാർ ഉത്തരവിനാൽ 31/03/2023 തീയതിവരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | മങ്കട ബ്ലോക്ക് പഞ്ചായത്തിൽ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്ത് നല്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമവിധേയമല്ലാത്ത നടപടികൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിലെ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്തു നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ നിയമവിധേയമായാണോ നടത്തിയിട്ടുള്ളത് എന്ന് വകുപ്പുതലത്തിൽ പരിശോധിച്ചു വരുന്നു. നിയമവിധേയമല്ലെന്നു കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ